# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 123 | 03.02.2020-ൽ മറുപടിയ്ക്ക്

### ലോക കേരളസഭയുടെ രണ്ടാം സമ്മേളനം

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | ലോക കേരളസഭയുടെ രണ്ടാം സമ്മേളനം 2020 ജനുവരിയിൽ തിരുവനന്തപുരത്ത് ചേരുകയുണ്ടായോ; | എ) | ചേർന്നിരുന്നു. |
| ബി) | പ്രസ്തുത സമ്മേളനത്തിൽ പ്രവാസി മലയാളികളുടെ ഏതൊക്കെ പ്രശ്നങ്ങളാണ് ചർച്ച ചെയ്തതെന്നും എന്തൊക്കെ തീരുമാനങ്ങളാണ് കൈക്കൊണ്ടതെന്നും വിശദമാക്കുമോ; | ബി) | മേഖലാ അടിസ്ഥാനത്തിലുള്ള ചർച്ചകൾക്ക് പുറമേ പ്രവാസത്തൊഴിൽ പ്രോത്സാഹനവും മികവും കൈവരിക്കലും, ആഗോള കേരളത്തിന്റെ സുരക്ഷയും കരുതലും, പ്രവാസാനന്തര പുനരധിവാസം, നവകേരള നിർമ്മിതിയിൽ പ്രവാസി ഇടപെടൽ, പ്രാഥമിക മേഖലയും പരിസ്ഥിതിയും, വ്യാവസായിക/ സാങ്കേതിക വിദ്യാരംഗം, അടിസ്ഥാന സൗകര്യ വികസനം - വ്യവസായം, നവസാങ്കേതികവിദ്യ മേഖലകൾ, പശ്ചാത്തല സൗകര്യങ്ങളുടെ വികസനം കൈവരിക്കൽ, ലോക കേരളവും കലാ സാംസ്കാരിക രംഗവും, സ്ത്രീകളും പ്രവാസവും, പ്രളയാനന്തര നവകേരള നിർമ്മിതിയിൽ ആഗോള കേരളത്തിന്റെ ഇടപെടൽ എന്നീ വിഷയങ്ങളിൻമേൽ ചർച്ച നടന്നു. ഇതിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ചു വരുന്നു. |
| സി) | 2018ൽ ചേർന്ന ഒന്നാം ലോക കേരളസഭയിൽ കൈക്കൊണ്ട തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു; അതിൽ ഏതൊക്കെ തീരുമാനങ്ങൾ ഇതിനകം നടപ്പിലാക്കിയെന്ന് വിശദമാക്കുമോ? | സി) | ഒന്നാം ലോക കേരള സഭയിൽ ഉയർന്ന നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് രൂപീകരിച്ച വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ സമർപ്പിച്ച ശിപാർശകളിൽ തെരഞ്ഞെടുക്കപ്പെട്ട 10 എണ്ണത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു. |

| | | | |
|---|---|---|---|
| | | | 1. എൻ.ആർ.ഐ ഇൻവെസ്റ്റ്മെന്റ് കമ്പനി<br><br>പ്രവാസി മലയാളികളിൽ നിന്നും 74% ഓഹരി മൂലധന നിക്ഷേപം സമാഹരിച്ചു കൊണ്ടും 26% ഓഹരി മൂലധനം സർക്കാർ നിക്ഷേപിച്ചുകൊണ്ടും ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ് എന്ന നിക്ഷേപ കമ്പനി രൂപവത്ക്കരിച്ചു.<br><br>2. എൻ.ആർ.ഐ കൺസ്ട്രക്ഷൻ കമ്പനി<br><br>അപ്പാർട്ടുമെന്റുകൾ, ടൗൺഷിപ്പ് പ്രോജക്ടുകൾ, കോംപ്ലക്സുകൾ, വൃദ്ധസദനങ്ങൾ, റോഡുകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണം ഏറ്റെടുത്ത് നടത്തുന്നതിനുവേണ്ടി എൻ.ആർ.ഐ ഇൻവെസ്റ്റ്മെന്റ് കമ്പനിയുടെ അനുബന്ധകമ്പനിയായി എൻ.ആർ.ഐ കൺസ്ട്രക്ഷൻ കമ്പനി തുടങ്ങാൻ തീരുമാനിച്ചു<br><br>3. പ്രവാസി സഹകരണ സംഘം<br><br>തിരുവനന്തപുരം കേന്ദ്രമാക്കി സംസ്ഥാനമാകെ പ്രവർത്തന പരിധിയുള്ള ഒരു സഹകരണസംഘം കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം 4499 എന്ന പേരിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.<br><br>4. വനിത എൻ.ആർ.കെ സെൽ<br><br>വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും, കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും, വനിതാ കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ.ആർ.കെ. വനിതാ സെൽ രൂപീകരിച്ചു.<br><br>5. എയർപോർട്ടുകളിൽ migration facilitation centre പാസ്പോർട്ട് ഓഫീസുകളിൽ Pre-embarkment Orientation centres<br><br>മനുഷ്യക്കടത്ത്, വിവേചനം, ചൂഷണം, കുടിയേറ്റ തൊഴിലാളികളെ ദുരുപയോഗം ചെയ്യുക എന്നിവ തടയുന്നതിനും, സാംസ്കാരിക സാഹചര്യങ്ങളിൽ പ്രതീക്ഷിക്കുന്ന |

| | | | |
|---|---|---|---|
| | | | ബുദ്ധിമുട്ടുകളെക്കുറിച്ച് നന്നായി മനസ്സിലാക്കുന്നതിനും, കുടിയേറ്റത്തിന് തയ്യാറാകുന്നവർക്ക് ബോധവൽക്കരണം നടത്താനും പാസ്സ്പോർട്ട് ഓഫീസ്, എയർപോർട്ട് എന്നിവിടങ്ങളിൽ വിദേശ കാര്യ മന്ത്രാലയവും, സിവിൽ ഏവിയേഷൻ മന്ത്രാലയവുമായി സഹകരിച്ച് ഒരു അഡൈ്വസറി സെൽ രൂപീകരിക്കാനുള്ള ശിപാർശ കേന്ദ്ര സർക്കാരിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു<br><br>6. <u>നൈപുണ്യ വികസനത്തിനായുള്ള ഹൈ പവർ കമ്മിറ്റിയുടെ രൂപീകരണം</u><br><br>7. <u>അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രത്തിന്റെ രൂപീകരണം</u><br>കുടിയേറ്റ കേന്ദ്രത്തിന് രൂപം കൊടുക്കുകയും Centre for Development Studies-ൽ അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.<br><br>8. <u>പ്രവാസി ആനുകാലിക പ്രസിദ്ധീകരണം</u><br>പ്രവാസികൾക്കായുള്ള ഒരു ആനുകാലിക പ്രസിദ്ധീകരണം 'ലോക മലയാളം' എന്ന പേരിൽ ആരംഭിച്ചു |

**സെക്ഷൻ ഓഫീസർ**